**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **03-08-2021 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. റോഡപകടങ്ങൾ ഒഴിവാക്കി സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹദ് പദ്ധതിയാണ് "സേഫ് കേരള പദ്ധതി". ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് റീജനൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 7x24 രീതിയിൽ 85 squad-കൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. 04.06.2018-ലെ സ.ഉ. (കൈ) നം. 42/2018/ഗതാഗതം, 16.06.2018-ലെ സ.ഉ. (കൈ) നം. 44/2018/ഗതാഗതം എന്നിവ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ., 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ മോട്ടോർ വാഹന വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിയ്ക്കുന്നതിന് 13.12.2018-ലെ സ.ഉ. (കൈ) നം. 70/2018/ഗതാഗതം എന്ന ഉത്തരവു വഴി മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ലഭ്യമാക്കിയ ഉപകരണങ്ങളുടേയും വാഹനങ്ങളുടേയും മറ്റുള്ളവയുടേയും വിശദവിവരം അറിയിക്കുമോ; | (ബി) | റഡാറുകൾ ഘടിപ്പിച്ച Interceptor - 17, Alcometer - 87, Wheel clamp - 140, Rain coat - 358, Batten light - 191, Metal body torch - 86, Collar light - 50, Reflective jacket - 377, Umbrella - 87 എന്നിവയാണ് സേഫ് കേരള പദ്ധതിയ്ക്കായി നാളിതുവരെ ലഭ്യമാക്കിയ വാഹനങ്ങളും ഉപകരണങ്ങളും. 105 വാഹനങ്ങൾ അതിൽ 71 ഇലക്ട്രിക് വാഹനങ്ങളും 17 ഇന്റർസെപ്റ്റർ വാഹനങ്ങളും ഉൾപ്പെടുന്നു. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് എട്ട് മണിക്കൂർ ഷിഫ്റ്റിൽ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള |

| | | | |
|---|---|---|---|
| | ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആണ് ഡ്യൂട്ടി നോക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഉദ്യോഗസ്ഥരെ ഉപയോഗിച്ച് 24 മണിക്കൂറും സ്ക്വാഡുകളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. |
| (ഡി) | ഇരുപത്തിനാല് മണിക്കൂർ എൻഫോഴ്സ്മെന്റ് പ്രാബല്യത്തിലാക്കുന്നതിനായി ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് 24 മണിക്കൂറും സ്ക്വാഡുകളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. |
| (ഇ) | സംസ്ഥാനത്ത് 2020-21 വർഷത്തിൽ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ പരിക്കേറ്റവർ എത്രയെന്നും മരണപ്പെട്ടവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് 2020-ൽ 27,877 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 30,510 പേർക്ക് പരിക്ക് ഏൽക്കുകയും 2,979 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 2021 വർഷത്തിൽ ആദ്യത്തെ ആറു മാസത്തെ റിപ്പോർട്ട് പ്രകാരം 16,203 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 17,915 പേർക്ക് പരിക്ക് പറ്റുകയും, 1723 പേർ മരണമടയുകയും ചെയ്തതായി SCRB-യുടെ റിപ്പോർട്ടിൽ പറയുന്നു. 2020 വർഷത്തിലും, 2021 ജൂൺ മാസം വരെയുള്ള റോഡ് അപകടങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

* അനുബന്ധം

| District | In the year 2021 (up to June) | | | In the year 2020 | | |
|---|---|---|---|---|---|---|
| | No of Accidents | No of Fatality | No of Injury | No of Accidents | No of Fatality | No of Injury |
| Thiruvananthapuram | 2009 | 201 | 2130 | 3557 | 367 | 3768 |
| Kollam | 1461 | 191 | 1518 | 2516 | 315 | 2550 |
| Pathanamthitta | 587 | 77 | 661 | 1159 | 108 | 1341 |
| Alapuzha | 1395 | 148 | 1562 | 2529 | 249 | 2821 |
| Kottayam | 1093 | 117 | 1220 | 2051 | 208 | 2291 |
| Ernakulam | 2353 | 202 | 2578 | 3967 | 328 | 4278 |
| Idukki | 452 | 36 | 499 | 905 | 78 | 1069 |
| Thrissur | 1736 | 174 | 1896 | 2865 | 275 | 3199 |
| Palakkad | 891 | 130 | 1027 | 1670 | 273 | 1760 |
| Malappuram | 1089 | 138 | 1217 | 1784 | 247 | 1828 |
| Kozhikode | 1496 | 135 | 1634 | 2287 | 239 | 2454 |
| Wayanad | 257 | 28 | 307 | 462 | 48 | 593 |
| Kannur | 968 | 99 | 1113 | 1532 | 172 | 1872 |
| Kasargode | 416 | 47 | 553 | 593 | 72 | 686 |
| STATE TOT. | **16203** | **1723** | **17915** | **27877** | **2979** | **30510** |

Radha

**സെക്ഷൻ ഓഫീസർ**